(ബി) മേഖലകൾതോറും പെട്രോൾ-ഡീസൽ വില വ്യത്യാസപ്പെടുന്നതിന് കാരണമായ ഘടകങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ?

മേഖലകൾതോറും ട്രാൻസ്പോർട്ടേഷൻ ചാർജ്ജിൽ വരുന്ന വ്യത്യാസമാണ് പെട്രോൾ - ഡീസൽ വില വ്യത്യാസപ്പെടുന്നതിന് കാരണമാകുന്നത്.

(സി) പെട്രോൾ-ഡീസൽ വിലയിൽ അടിസ്ഥാനവിലയുടെ എത്ര ശതമാനം വീതമാണ് സംഭരണം, വിതരണം, പമ്പുകളുടെ കമ്മീഷൻ തുടങ്ങിയ ഇനങ്ങളിൽ ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

പെട്രോൾ - ഡീസൽ വിലയിൽ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ദൂരവ്യത്യാസത്തിനനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കുന്നു. എറണാകുളത്തെ വിലയനുസരിച്ചുള്ള ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്, കമ്മീഷൻ എന്നീ ഇനങ്ങളിൽ 1-8-2021-ലെ കണക്കനുസരിച്ച് പെട്രോളിന് പ്രതിലിറ്ററിൽ യഥാക്രമം 19 പൈസ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്, 3.48 രൂപ കമ്മീഷൻ എന്നിങ്ങനെയും ഡീസലിന് പ്രതിലിറ്ററിൽ യഥാക്രമം 19 പൈസ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്, 2.23 രൂപ കമ്മീഷൻ എന്നിങ്ങനെയും ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുന്നു.

(ഡി) ഇന്ധനവിലയെ ജി.എസ്.ടി.-യ്ക്ക് കീഴിൽ കൊണ്ടുവന്നാൽ ഉപഭോക്താക്കൾ നൽകേണ്ട വിലയിൽ കുറവുണ്ടാകുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കാമോ?

പെട്രോൾ, ഡീസൽ എന്നിവയ്ക്ക് സംസ്ഥാന സർക്കാർ ഇപ്പോൾ ചുമത്തുന്ന പൊതു വില്പന നികുതി നിരക്ക് യഥാക്രമം 30.08%, 22.76% എന്നിങ്ങനെയാണ്. പെട്രോൾ, ഡീസൽ എന്നിവയെ ചരക്കുസേവന നികുതിയുടെ കീഴിൽ കൊണ്ടുവന്നാൽ പരമാവധി ചുമത്താവുന്ന നികുതി നിരക്ക് 28% മാത്രമാണ്.

നികുതി പിരിവ്

74(3505) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ സ്വീകരിക്കുന്ന നടപടി എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ?

വീഴ്ച സംഭവിച്ചിട്ടില്ല. എന്നാൽ ജി.എസ്.ടി. പിരിവ് കാര്യക്ഷമമാക്കുന്നതിനായി നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ജി.എസ്.ടി.-യിൽ നികുതി ശൃംഖല വിപുലീകരിക്കുന്നതിനുവേണ്ടി വിവിധ ഏജൻസികളിൽനിന്ന് വിവര

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശേഖരണം നടത്തി അതിൽ നിന്ന് രജിസ്ട്രേഷൻ ഇല്ലാത്തവരെ കണ്ടുപിടിച്ച് രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. റിട്ടേൺ സ്ക്രൂട്ടിനി ഫലപ്രദമാക്കുന്നതിനുവേണ്ടി പ്രത്യേക മാനദണ്ഡപ്രകാരം നികുതിദായകരെ ഓൺലൈനായി സെലക്ട് ചെയ്ത് വിശദപരിശോധന നടത്തുന്ന രീതി നടപ്പിലാക്കി. ഇത് ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുകയും നികുതി വെട്ടിപ്പ് ഫലപ്രദമായി തടയുന്നതിന് സഹായിക്കുകയും ചെയ്യും. ജി.എസ്.ടി. പൂർണ്ണമായും വിവരസാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ ഒരു നികുതി വ്യവസ്ഥയാണ്. നികുതിദായകൻ ക്രയവിക്രയങ്ങൾ സംബന്ധിച്ച് ജി.എസ്.ടി. നെറ്റ്വർക്കിൽ ലഭ്യമായ വിവരങ്ങളുടെ വിശകലനവും മറ്റ് ഏജൻസികളായ ഇൻകം ടാക്സ്, കസ്റ്റംസ് എന്നിവയിൽ സമർപ്പിച്ചിട്ടുള്ള വിവരങ്ങളുമായി വിശകലനങ്ങൾ നടത്തുന്നതിനുവേണ്ടി വകുപ്പിൽ പ്രത്യേക ഡാറ്റാ അനലിറ്റിക് വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി ആഡിറ്റ് എൻഫോഴ്സ്മെന്റ് നടപടികൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ചെക്ക്പോസ്റ്റ് സമ്പ്രദായം ഇല്ലാതായ സാഹചര്യത്തിൽ അതിർത്തികളിലൂടെയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനും വാഹന പരിശോധന കാര്യക്ഷമമാക്കുന്നതിനും വേണ്ടി സി.സി.ടി.വി. ക്യാമറകൾ പ്രധാനപ്പെട്ട അതിർത്തി പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇത് എ.എൻ.പി.ആർ. സിസ്റ്റവുമായി ബന്ധപ്പെടുത്തി മതിയായ രേഖകൾ (ഇ-വേ ബിൽ) ഇല്ലാതെ കടന്നുവരുന്ന ചരക്കു വാഹനങ്ങളുടെ വിവരം ഉടൻതന്നെ വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിന് ലഭ്യമാകുന്ന രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട്. ജി.എസ്.ടി.-യിൽ ഫയൽ ചെയ്ത വിവരങ്ങളെ അടിസ്ഥാനമാക്കി ദേശിയതലത്തിലും റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി സംസ്ഥാനതലത്തിലും റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ച് ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇതും നികുതി വെട്ടിപ്പ് കണ്ടുപിടിക്കുന്നതിന് സഹായകമാകുന്നു. ലാൻഡ് റവന്യൂ ഇനങ്ങളിൽ വിവിധ സ്റ്റേയിൽ ഉൾപ്പെട്ട് യഥാസമയം നികുതി പിരിക്കുവാൻ കഴിയാതെ വന്നിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷത്തെ കണക്ക് പരിശോധിക്കുമ്പോൾ ഇലക്ഷൻ, പ്രളയം, കോവിഡ് തുടങ്ങിയവയിൽ റവന്യൂ വകുപ്പ് ജീവനക്കാർ ഏർപ്പെട്ടിരുന്നതുമൂലം നികുതി പിരിവിൽ ലക്ഷ്യമിട്ടിരുന്ന തുക പിരിച്ചെടുക്കുവാൻ സാധിക്കാതെ വന്നിട്ടുണ്ട്. സ്റ്റേ വെക്കേഷൻ നടപടികൾ ഊർജ്ജിതമാക്കുന്നതിനും അതത് സാമ്പത്തിക വർഷത്തിൽ പിരിച്ചെടുക്കുവാൻ കഴിയാത്തവ തൊട്ടടുത്ത സാമ്പത്തിക വർഷത്തെ മുതലിൽകൊണ്ടുവന്ന് പിരിച്ചെടുക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.